# *പ്രബോധനം* കാമ്പയിന്‍ വിജയിപ്പിക്കുക

ഹര്‍ഷാ അമീര്‍

**ഇന്ത്യയിലെ** ഇസ്‌ലാമികസമൂഹം ഗുരുതരമായ ചില വെല്ലുവിളികള്‍ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന സന്ദര്‍ഭമാണിത്. ഈ പ്രതിഭാസം ഇന്ത്യയില്‍ മാത്രം ഉളവായിട്ടുള്ളതല്ല. ആഗോളാടിസ്ഥാനത്തില്‍ തന്നെ 'ഇസ്‌ലാംപേടി' പകര്‍ച്ചവ്യാധികണക്കെ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന ഇസ്‌ലാമിക നവജാഗരണത്തില്‍ അധിനിവേശശക്തികളും അവരുടെ പിണിയാളുകളും ഏറെ അസ്വസ്ഥരാണ്. ലോകമെമ്പാടും വേരുകളുള്ള സയണിസത്തിന്റെ ആസൂത്രണങ്ങളാണ് 'ഇസ്‌ലാംപേടി' പ്രചാരത്തിന്റെ പിന്നില്‍. സാമ്രാജ്യത്വവും സയണിസവും അവരുടെ ചാരസംഘടനകളും ഓരോ രാജ്യത്തും അവരുടെ താല്‍പര്യങ്ങള്‍ നടപ്പിലാക്കുന്നതിനായി സമാനചിന്താഗതിക്കാരെ കണ്ടെത്തുകയും പിന്തുണ നല്‍കുകയും ചെയ്യുന്നു. അതുപ്രകാരം ഇസ്‌ലാംവിരുദ്ധശക്തികളുടെ സഹായവും ആശിര്‍വാദവും ലഭിക്കുന്നവരാണ് ഇന്ത്യയിലെ ഫാഷിസ്റ്റുകള്‍. ഈ ത്രിമൂര്‍ത്തികള്‍ ചേര്‍ന്ന് ഇസ്‌ലാമിന്റെ പ്രകാശം ഊതിക്കെടുത്താന്‍ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ പിന്തുണയോടെ ഇന്ത്യയിലെ മാധ്യമങ്ങള്‍ മുസ്‌ലിംകളുടെ മേല്‍ ഭീകരമുദ്ര ചാര്‍ത്തിക്കൊണ്ടുമിരിക്കുന്നു. ദില്ലി ജാമിഅ നഗറിലെ ഏറ്റുമുട്ടല്‍ നാടകവും അതിനോടനുബന്ധിച്ച സംഭവവികാസങ്ങളും അതിന്റെ അടയാളങ്ങളാണ്. ബട്‌ലാ ഹൗസിലെ ഏറ്റുമുട്ടലിനെ സംബന്ധിച്ച് നിരവധി സംശയങ്ങള്‍ സാംസ്‌കാരിക- മനുഷ്യാവകാശ പ്രവര്‍ത്തകര്‍ ഉയര്‍ത്തുകയുണ്ടായി. ദില്ലി പോലീസിന്റെ കൃത്രിമ ഓപ്പറേഷനാണ് ബട്‌ലഹൗസില്‍ നടന്നത് എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തില്‍ ജൂഡീഷ്യല്‍ അന്വേഷണം വേണമെന്ന് വിവിധ സംഘടനകള്‍ ആവശ്യപ്പെടുകയുണ്ടായി. സര്‍ക്കാര്‍ ഈ ആവശ്യത്തോട് അനുകൂലമായി പ്രതികരിച്ചിട്ടില്ല. ജാമിഅ നഗറിലെ സംഭവവികാസങ്ങളില്‍ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് ഇടപെടുകയും വസ്തുതകള്‍ പുറത്തുകൊണ്ടുവരുന്നതിനും നിഷ്പക്ഷ അന്വേഷണത്തിന് സര്‍ക്കാരിനെ പ്രേരിപ്പിക്കുന്നതിനും വേണ്ടി വേദികള്‍ രൂപീകരിച്ചു പ്രവര്‍ത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബട്‌ലാഹൗസിലെ സംഭവവികാസങ്ങളുടെ മറുവശം പുറത്തുകൊണ്ടുവരുന്നതില്‍ *മാധ്യമം* വഹിച്ച പങ്ക് ശ്രദ്ധേയമായിരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ അഖിലേന്ത്യാ നേതൃത്വമുള്‍പ്പെടെയുള്ള സംഘമാണ് സംഭവത്തിന് തൊട്ടുടനെ ജാമിഅ നഗറിലെ ജനങ്ങളെ ആശ്വസിപ്പിക്കുന്നതിനും അവര്‍ക്ക് ആത്മവിശ്വാസം പകര്‍ന്നുനല്‍കുന്നതിനും രംഗത്തിറങ്ങിയത്. ഈ വിഷയത്തില്‍ ഇസ്‌ലാമിക പ്രസ്ഥാനം അഖിലേന്ത്യാതലത്തില്‍ ചില ചുവടുവെപ്പുകള്‍ നടത്താന്‍ ഉദ്ദേശിക്കുന്നുണ്ട്. നവംബര്‍ മാസത്തിലെ രണ്ടാം പകുതി അതിനായി നീക്കിവെക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടികള്‍ വിജയിപ്പിക്കുന്നതിന് പ്രവര്‍ത്തകര്‍ രംഗത്തിറങ്ങണമെന്ന് ആവശ്യപ്പെടുകയാണ്. ഡിസംബറില്‍ അഖിലേന്ത്യാതലത്തില്‍ നടത്താന്‍ തീരുമാനിച്ചിട്ടുള്ള മുതലാളിത്ത-സാമ്രാജ്യത്വവിരുദ്ധ കാമ്പയിന്‍ ഇത് കാരണവും ചില സംസ്ഥാനങ്ങളില്‍ തെരഞ്ഞെടുപ്പ് നടക്കുന്നതിനാലും മാറ്റിവെക്കാനും തീരുമാനിച്ചിട്ടുണ്ട്.

നവംബര്‍ 1 മുതല്‍ 15 വരെ നാം നടത്താന്‍ തീരുമാനിച്ചിട്ടുള്ള *പ്രബോധനം* പ്രചാരണ കാമ്പയിനാണ് ഈ മാസത്തെ മറ്റൊരു പ്രധാന പരിപാടി. കേരളത്തിലെ ഇസ്‌ലാമിക മുന്നേറ്റത്തെ ശക്തിപ്പെടുത്തുന്നതിലും ഇസ്‌ലാമിക പ്രബോധനമെന്ന മഹത്തായ ദൗത്യം നിര്‍വഹിക്കുന്നതിലും *പ്രബോധനം* വാരിക വഹിച്ചിട്ടുള്ള ചരിത്രപരമായ പങ്കിന്റെ പ്രാധാന്യവും മഹത്വവും ഇസ്‌ലാമിക പ്രവര്‍ത്തകര്‍ ഗൗരവപൂര്‍വം ഉള്‍ക്കൊള്ളേണ്ടതുണ്ട്. പുതിയ കാലഘട്ടം *പ്രബോധന*ത്തിന്റെ ദൗത്യം കൂടുതല്‍ കൂടുതല്‍ അനിവാര്യമാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തില്‍ വായനാശീലമുള്ള എല്ലാ വീടുകളിലും ലൈബ്രറികളിലും വിദ്യാലയങ്ങളിലും *പ്രബോധനം* എത്തേണ്ടതുണ്ട്. അത് എത്തിക്കേണ്ടത് ഇസ്‌ലാമിക പ്രവര്‍ത്തകരുടെ ഒഴിച്ചുകൂടാനാവാത്ത ബാധ്യതയാണ്. ഈ ബാധ്യത നിര്‍വഹിക്കാന്‍ പ്രത്യേകം ആവിഷ്‌ക്കരിക്കപ്പെട്ട പരിപാടിയാണ് *പ്രബോധനം* പ്രചാരണ കാമ്പയിന്‍. അത് വിജയിപ്പിക്കാന്‍ കാമ്പയിന്‍ നാളുകളില്‍ ഇസ്‌ലാമിക പ്രവര്‍ത്തകര്‍ അരയും തലയും മുറുക്കി രംഗത്തിറങ്ങുകതന്നെ വേണം. *പ്രബോധനം* കഴിഞ്ഞ ലക്കത്തിലെ മുഖക്കുറിപ്പില്‍ സൂചിപ്പിച്ച കാരണങ്ങളാല്‍ വില വര്‍ധിപ്പിക്കേണ്ടിവന്നിരിക്കുകയാണ്. *പ്രബോധന*ത്തെ ഉത്തമസുഹൃത്തായി മനസ്സിലാക്കുന്ന വായനക്കാര്‍ ഈ സാഹചര്യം മനസ്സിലാക്കുകയും തുടര്‍ന്നും സഹകരിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തില്‍ നാം ശ്രദ്ധേയമായ ചില സംരംഭങ്ങള്‍ കഴിഞ്ഞ ത്രൈമാസത്തില്‍ നടത്തുകയുണ്ടായി. കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയില്‍ മുക്കാല്‍ സെന്റ് കോളനി എന്നറിയപ്പെട്ടിരുന്ന സ്ഥലത്ത് നാം നടത്തിയ ഭവനപദ്ധതിയാണൊന്ന്. വിഭാഗീയത ശക്തിപ്പെട്ടുവരുന്ന ഇന്നത്തെ കാലത്ത് ജാതിയും മതവും നോക്കാതെ അശരണരായ 36 കുടുംബങ്ങള്‍ക്ക് സ്വന്തം അധ്വാനവും ധനവും ചെലവഴിച്ച് വീട് പണിതു നല്‍കിയത് മഹത്തായ പ്രവര്‍ത്തനമാണെന്ന് ചടങ്ങില്‍ സംബന്ധിച്ച ജലവിഭവ വകുപ്പ് മന്ത്രി എന്‍.കെ പ്രേമചന്ദ്രന്‍ പറയുകയുണ്ടായി. ഇതുപോലെ തന്നെയാണ് കാസര്‍ഗോഡ് ജില്ലയില്‍ എന്‍ഡോസള്‍ഫാന്‍ പദ്ധതിയുമായി നാം മുന്നോട്ടുപോകുന്നത്. നമ്മുടെ പ്രവര്‍ത്തനങ്ങളെ സംബന്ധിച്ച ആത്മപ്രശംസയായല്ല ഇത് അനുസ്മരിക്കുന്നത്. മറിച്ച് മറ്റൊരു കാര്യം ശ്രദ്ധയില്‍ കൊണ്ടുവരാനാണ്. സാമൂഹികമേഖലയിലുള്ള നമ്മുടെ മനുഷ്യത്വപരമായ, മുന്‍വിധിയില്ലാത്ത ഇടപെടലുകള്‍ ചിലര്‍ക്ക് തീരെ രുചി

ക്കുന്നില്ല. അതിന്റെ ഭാഗമായി അവർ കേരളത്തിലെ മുഖ്യ ആനുകാലികങ്ങളിലൂടെ ജമാഅത്തെ ഇസ്‌ലാമിക്കെതിരെ വിഷം പുരട്ടിയ ആശയങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവയിൽ പ്രസക്തമായതിന് ഇസ്‌ലാമിക പ്രസ്ഥാനം മാധ്യമങ്ങളിലൂടെ മറുപടി പറഞ്ഞിട്ടുണ്ട്. ബാക്കിയുള്ള ആരോപണങ്ങൾക്ക് പ്രവർത്തനങ്ങൾ കൊണ്ട് മറുപടി പറയാനാണ് നമ്മുടെ തീരുമാനം. പ്രവർത്തകർ ഇതൊരു വെല്ലുവിളിയായി ഏറ്റെടുക്കണം.

ആഗോളസാമ്പത്തിക പ്രതിസന്ധിയെ കുറിച്ച മുന്നറിയിപ്പുകളും ചർച്ചകളും നടന്നുകൊണ്ടിരിക്കുകയാണ് ഇപ്പോൾ. അമേരിക്കയിലാരംഭിച്ച സാമ്പത്തികതകർച്ച ലോകരാജ്യങ്ങളെ ഒന്നൊന്നായി ബാധിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തികരംഗത്ത് ലോകരാജ്യങ്ങൾ മാതൃകയാക്കിയതും കണ്ണുംപൂട്ടി അനുകരിച്ചതും ആരെയാണെന്നതിന്റെ സൂചനയാണ് ന്യൂയോർക്കിലെ പതനം ന്യൂദൽഹിയിലും ആവർത്തിച്ചതിന്റെ കാരണം. സാമ്പത്തികമേഖലയിൽ ഏകമാതൃകയുടെ കാലം അവസാനിക്കുന്നുവെന്നതിന്റെ അടയാളങ്ങളാണ് ഈ സംഭവങ്ങൾ. ആർത്തിയും ഊഹവും പലിശയുമാണ് ഈ പ്രതിസന്ധികൾക്ക് കാരണമായി ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ചൈനക്കു പോലും ഈ പ്രതിസന്ധിയിൽ നിന്നും രക്ഷപ്പെടാനായില്ലെന്നും അൽപമെങ്കിലും പിടിച്ചുനിന്നത് ഇറാനാണെന്നും സാമ്പത്തികവിശാരദർ വ്യക്തമാക്കുന്നു. ലോകത്ത് വിവിധ രാജ്യങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇസ്‌ലാമികബാങ്കുകളും താരതമ്യേന സുരക്ഷിതമാണ്. ഒരു ബദൽ സാമ്പത്തികസംസ്കാരത്തെ കുറിച്ച അന്വേഷണങ്ങളും ചർച്ചകളും ശക്തമാകുന്നതിന് ഈ പ്രതിസന്ധി കാരണമായിട്ടുണ്ട്. ഖാറൂനിയൻ വ്യവസ്ഥയുടെ സഹജമായ ദൗർബല്യങ്ങളാണ് ഇപ്പോൾ പ്രകടമായികൊണ്ടിരിക്കുന്നത്. ഇസ്‌ലാമിക പ്രസ്ഥാനം ഈ വിഷയത്തിൽ നേരത്തെ തന്നെ ഒരു നയരേഖ തയാറാക്കുകയും പ്രവർത്തകർക്ക് പെരുമാറ്റച്ചട്ടം നൽകുകയും ചെയ്തത് എല്ലാവരുടേയും ശ്രദ്ധയിലുണ്ടാകേണ്ടതാണ്.

മർദകരായ ഭരണാധികാരികൾക്ക് അനുഭവപ്പെടുന്ന 'ഇസ്‌ലാംപേടി' ചരിത്രത്തിൽ പുതുമയുള്ള കാര്യമല്ല. ഫറോവയും ഇത്തരമൊരു ഭയത്തിന്റെ സന്തതിയായിരുന്നു. ഇസ്രാഈൽ ഗൃഹങ്ങളിൽ പിറന്നുവീഴുന്ന ഓരോ ആൺകുഞ്ഞിനെയും കൊന്നുകളയുകയെന്ന പദ്ധതിയാണ് ഫറോവ നടപ്പിലാക്കിയത്. പ്രപഞ്ചനാഥനായ അല്ലാഹു മൂസ(അ)യെ ഫറോവാന്റെ കണക്കുകൂട്ടലുകളെ തകിടംമറിച്ചുകൊണ്ട് എപ്രകാരമാണ് അയാളുടെ കൊട്ടാരത്തിൽ വളർത്തിയതെന്ന ഖുർആൻ പാഠങ്ങൾ ഇസ്‌ലാമികപ്രവർത്തകർക്ക് ആത്മവിശ്വാസം നൽകേണ്ടതാണ്. ഫറോവയുടെയും ഖാറൂന്റെയും സംഭവങ്ങൾ വിവരിക്കുന്ന വിശുദ്ധഖുർആനിലെ *അൽഖസ്വസ്* അധ്യായം നമുക്ക് പ്രചോദനമാകണം. അല്ലാഹു നമ്മുടെ എല്ലാ സദുദ്യമങ്ങളും വിജയിപ്പിച്ചുതരുമാറാകട്ടെ. (ആമീൻ) ■